'ഭരണഭാഷ– മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 17.04.2021, തീയതിയിലെ 11(1)–ാം നമ്പർ തിരുമാനം, 17/05/2021 തീയതിയിലെ 9(1) –ാം നമ്പർ തീരുമാനം, എന്നിവ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്തുകൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) (1)–ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിലേക്ക് റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ)നം.1896/2021/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 04/10/2021

---

പരാമർശം: 1. പട്ടാഴി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 17.04.2021, തീയതിയിലെ 11(1)–ാം നമ്പർ തിരുമാനം

2. പട്ടാഴി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 17/05/2021 തീയതിയിലെ 9(1) –ാം നമ്പർ തീരുമാനം

3. പട്ടാഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.05.2021 ലെ എ 2-2/2021 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിൽ പാറക്വാറികൾക്ക് ലൈസൻസ് പുതുക്കി ലഭിക്കുന്നതിനു വേണ്ടി 26/02/2021 ൽ ക്വാറി ഉടമസ്ഥനായ ശ്രീ. കൃഷ്ണമൂർത്തി, അഞ്ജു നിവാസ്, മനക്കര, ശാസ്താംകോട്ട എന്ന വ്യക്തിയും, 02/03/2021 ൽ ക്വാറി ഉടമസ്ഥനായ ശ്രീ.ബിജുലാൽ, മുണ്ടയ്ക്കൽ മേലേതിൽ, മുഖത്തല, കൊല്ലം എന്ന വ്യക്തിയും അപേക്ഷകൾ സമർപ്പിച്ചിരുന്നു. ക്ഷമതയുള്ള അധികാരികളുടെ ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ സഹിതം അപേക്ഷ സമർപ്പിച്ചതിന്റേയും, 29/03/2021, 31/03/2021 തീയതികളിൽ യഥാക്രമം ഫീസ് ഒടുക്കു വരുത്തിയതിന്റേയും അടിസ്ഥാനത്തിൽ 03/04/2021 തീയതിയിൽ 01/04/2021 തീയതി പ്രാബല്യത്തോടെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലൈസൻസ് പുതുക്കി നൽകിയിരുന്നു. 17/04/2021 ലെ ഭരണസമിതി യോഗത്തിൽ ടി വിഷയം ചർച്ച ചെയ്യുകയും ടി ലൈസൻസ് റദ്ദ് ചെയ്യുന്നതിന് യോഗം ഐകകണ്ഠേന പരാമർശം (1) പ്രകാരം തീരുമാനമെടുക്കുകയും ചെയ്തു. ടി തിരുമാനം Kerala Panchayat Raj – Issue of Licence to Factories, Traders Entrepreneurship Activity & Other Services ചട്ടങ്ങൾ 10 ന്റെയും കാലാകാലങ്ങളിൽ ഉണ്ടായിട്ടുള്ള ഹൈക്കോടതി വിധികളുടെയും ലംഘനമായതിനാലും, ആയത് കോടതി അലക്ഷ്യത്തിന് കാരണമാകും എന്നുള്ളതുകൊണ്ടും ടി തീരുമാനം പ്രാബല്യത്തിൽ കൊണ്ടുവരാൻ കഴിയില്ല എന്നും ടി തീരുമാനം പിൻവലിക്കണമെന്നും സെക്രട്ടറി ടി യോഗത്തിൽ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തിരുന്നു.

2.) തുടർന്ന് ടി തീരുമാനം പുനരവലോകനം ചെയ്യുന്നതിനായി സെക്രട്ടറി പ്രസിഡന്റിന് കത്ത് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 17/05/2021 ലെ ഭരണസമിതി യോഗത്തിൽ ആറാമത്തെ അജണ്ടയായി ഉൾപ്പെടുത്തി സെക്രട്ടറിയുടെ വിശദീകരണം സഹിതം ചർച്ച ചെയ്യുകയും ചെയ്തു. എന്നാൽ പരാമർശം (1) ലെ തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നതായി

ഭരണസമിതി ഐകകണ്ഠേന പരാമർശം (2) പ്രകാരം തീരുമാനിക്കുകയാണുണ്ടായത്.

3) പരാമർശം (1) ലെ തീരുമാനം പുന:പരിശോധിക്കാതെ പരാമർശം (2) പ്രകാരം ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള തീരുമാനത്തിൽ ഉറച്ചുനിൽക്കുകയും ചെയ്ത സാഹചര്യത്തിൽ, കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ ചട്ടം 29(3) -ലെ വ്യവസ്ഥയനുസരിച്ച് പരാമർശം (3) പ്രകാരം സെക്രട്ടറി ഇക്കാര്യം സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു.

4.) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ഷമതയുള്ള അധികാരികളുടെ ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ സഹിതം അപേക്ഷ സമർപ്പിച്ചതിന്റേയും, 29/03/2021, 31/03/2021 തീയതികളിൽ യഥാക്രമം ഫീസ് ഒടുക്കു വരുത്തിയതിന്റേയും അടിസ്ഥാനത്തിൽ 03/04/2021 തീയതിയിൽ 01/04/2021 തീയതി പ്രാബല്യത്തോടെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലൈസൻസ് അനുവദിച്ചത് എന്നതിനാൽ കമ്മിറ്റി തീരുമാനം പഞ്ചായത്ത് രാജ് നിയമത്തിന് കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിനെ അറിയിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ പട്ടാഴി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 17.04.2021, തീയതിയിലെ 11(1)-ാം നമ്പർ തീരുമാനം, 17/05/2021 തീയതിയിലെ 9(1) -ാം നമ്പർ തീരുമാനം, എന്നിവ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്തുകൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിലേക്ക് റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണൽ , കോർട്ട് കോംപ്ലക്സ് വഞ്ചിയൂർ , തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)

സെക്രട്ടറി , പട്ടാഴി ഗ്രാമപഞ്ചായത്ത് കൊല്ലം.
പ്രസിഡന്റ് , പട്ടാഴി ഗ്രാമപഞ്ചായത്ത് കൊല്ലം .
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് – I /ഓഡിറ്റ് –II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ&പി.ആർ. വെബ് ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ആർ.സി3/198/2021/തസ്വഭവ).

ഉത്തരവിൻ പ്രകാരം

Bindu.T

സെക്ഷൻ ഓഫീസർ